(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കുടിവെള്ള ചാർജ്ജ് ഒരു തവണ ഉയർത്തിയിട്ടുണ്ട്. വിശദാംശങ്ങൾ (എ) പിരിവിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

(സി) വാട്ടർ അതോറിറ്റിയുടെ ആവർത്തന ചെലവുകളായ ജീവനക്കാർക്കുള്ള ശമ്പളം, പെൻഷൻ മറ്റ് ആനുകൂല്യങ്ങൾ, ജലശുദ്ധീകരണത്തിനുള്ള രാസവസ്തുക്കളുടെ വില, വൈദ്യുത ചാർജ്ജ്, അറ്റകുറ്റപ്പണികളുടെ ചെലവ് എന്നിവ ഉൾപ്പെടെയുള്ള അത്യാവശ്യങ്ങൾക്ക് ആവശ്യമായ വിഭവ സമാഹരണത്തിന് പഴയ നിരക്കിലുള്ള കുടിവെള്ള ചാർജ് പര്യാപ്തമല്ലാത്തതിനാലാണ് കുടിവെള്ള ചാർജ് വർദ്ധിപ്പിച്ചത്.

ജലസ്രോതസ്സുകളിൽ കോളിഫോം ബാക്ടീരിയയുടെ അളവ്

182 (4985) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ജലസ്രോതസ്സുകളിൽ കോളിഫോം ബാക്ടീരിയയുടെ അളവ് ക്രമാതീതമായി വർദ്ധിച്ചിട്ടുണ്ടെന്ന പഠനങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇതിന്റെ കാരണങ്ങളും പരിഹാരമാർഗ്ഗങ്ങളും കണ്ടെത്തുന്നതിന് ആവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(സി) ശുദ്ധജല സംരക്ഷണത്തിന് ആവശ്യമായ ബോധവത്ക്കരണം നടത്തുന്നതിന് മുൻകൈ എടുക്കുമോ ;

(ഡി) ഉപയോഗയോഗ്യമല്ലാത്ത പൊതുകിണറുകളും പൊതുജലാശയങ്ങളും ശുചീകരണം നടത്തി ശുദ്ധജല സ്രോതസ്സുകളെ പുനരുജ്ജീവിപ്പിക്കുന്നതിന് പദ്ധതി ആവിഷ്കരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) പുഴക്കരയിലുള്ള ഗ്രാമങ്ങളിലും പട്ടണങ്ങളിലും ശാസ്ത്രീയമായ രീതിയിലുള്ള സീവേജ് ശേഖരണ ശുദ്ധീകരണ സംവിധാനങ്ങളുടെ അപര്യാപ്തതയാണ് കോളിഫോം ബാക്ടീരിയയുടെ അളവ് കൂടുതലായി കാണുന്നതിന്റെ കാരണം. സീവേജ്മൂലമുള്ള മലിനീകരണം തടയുന്നതിനായി എല്ലാ നഗരങ്ങളിലും പട്ടണങ്ങളിലും പ്രധാന പഞ്ചായത്തുകളിലും ഘട്ടംഘട്ടമായി സീവറേജ് സിസ്റ്റവും സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റും ഏർപ്പെടുത്തുകയും നദികളുടെ ഇരുകരകളിലുള്ള വീടുകളിൽ ശാസ്ത്രീയമായ സെപ്റ്റിക് ടാങ്ക് സോക്പിറ്റ് സംവിധാനം ഏർപ്പെടുത്തുകയും ചെയ്യേണ്ടത് അനിവാര്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly

ജലസ്രോതസ്സുകളിലേക്ക് പാഴ്ജലം ഒഴുകുന്നതിന് മലിനീകരണനിയന്ത്രണ ബോർഡ് നിയന്ത്രണം ഏർപ്പെടുത്തിവരുന്നു. 1974-ലെ ജല (മലിനീകരണവും നിയന്ത്രണവും) നിയമംമൂലം വ്യവസായ സ്ഥാപനങ്ങൾ, ആശുപത്രികൾ, പാർപ്പിട സമുച്ചയങ്ങൾ വലിയഹോട്ടലുകൾ, റിസോർട്ടുകൾ എന്നിവിടങ്ങളിൽ നിന്നെല്ലാം പുറത്തുവിടുന്ന സീവേജ് ഉൾപ്പെടെയുള്ള മാലിന്യങ്ങൾ ജല നിയമ പ്രകാരമുള്ള അനുമതി പരിധിയിൽ കൊണ്ടുവന്ന് ശാസ്ത്രീയമായ മലിനജല ശുദ്ധീകരണ സംവിധാനങ്ങൾ ഏർപ്പെടുത്തിച്ചും അതിന്റെ പ്രവർത്തനം ഇടയ്ക്കിടെ മോണിറ്റർ ചെയ്തും സംസ്ഥാന മലിനീകരണനിയന്ത്രണ ബോർഡ് ജലമലിനീകരണം നിയന്ത്രിച്ചുവരുന്നു.

കൂടാതെ 2000 ചതുരശ്ര മീറ്ററിൽ കൂടുതൽ വിസ്തൃതിയുള്ള പാർപ്പിട ഉത്തുംഗ കെട്ടിടങ്ങൾക്കും (High rixe buildings) സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് നിർബന്ധമാക്കിയിട്ടുണ്ട്.

കേരളാ വാട്ടർ അതോറിറ്റിയുടെ പദ്ധതികളുടെ സ്രോതസ്സുകളുടെ ജലം വിവിധതലത്തിൽ നിശ്ചിത ഇടവേളകളിൽ പരിശോധന നടത്തി ശുദ്ധീകരിച്ച തിനുശേഷം ഇൻഡ്യൻ സ്റ്റാൻഡേർഡ് നിഷ്കർഷിക്കുന്ന ഗുണനിലവാരം ഉറപ്പുവരുത്തിയതിനുശേഷം മാത്രമേ വിതരണം ചെയ്യാറുള്ളൂ.

(സി) മലിനീകരണനിയന്ത്രണത്തിനായി പൊതുജനങ്ങളിൽ അവബോധം വളർത്തുന്ന ബോധവൽക്കരണ പരിപാടികൾ നടത്തിവരുന്നുണ്ട്.

(ഡി) ആവിഷ്കരിച്ചിട്ടുണ്ട്, ആനത്താഴ്ച്ചിറ, വണ്ടിച്ചിറ എന്നീ ജലാശയങ്ങളെ ജലസ്രോതസ്സായി ഉപയോഗിച്ചുള്ള പദ്ധതികൾ നടപ്പിലാക്കി വരുന്നു. നദികളിലേയ്ക്ക് വന്നുചേരുന്ന പ്രധാന നീർച്ചാലുകൾ/തോടുകൾ എന്നിവ മാലിന്യം കലരാതെ സംരക്ഷിക്കുന്നതിനുള്ള പ്രവർത്തികളും നഗരപ്രദേശങ്ങളിലെ മാലിന്യ നിക്ഷേപം തടയുന്നതിനായി, സാമ്പത്തിക ലഭ്യതയനുസരിച്ച്, കമ്പിവേലി നിർമ്മാണവും ഓരു ജലം കയറി നദീജലം മലിനമാകുന്നത് തടയുന്നതിനായി റെഗുലേറ്ററുകൾ നിർമ്മിച്ചും നീരൊഴുക്ക് സ്ഥായിയായി നിലനിർത്തുന്നതിന് ചെക്ക്ഡാമുകൾ നിർമ്മിച്ചും ഫ്ലാഷ്ഔട്ട് (ഒഴുക്കിക്കളയൽ)സംവിധാനം നിലവിൽ പമ്പയാറിൽ ഫലപ്രദമായി നടപ്പിലാക്കിയും വർഷകാലത്ത് ഡാമുകളിൽ ശേഖരിച്ചിട്ടുള്ള വെള്ളം ഊറ്റിവിട്ട് മാലിന്യങ്ങൾ നദികളിൽ സ്ഥിരമായി കെട്ടി നിൽക്കാതെ സംരക്ഷിക്കാനുമുള്ള പദ്ധതികളും നിലവിൽ നടപ്പിലാക്കിവരുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly